Weekend Bulletin
Knanaya Catholic Mission, Chicago
May 21, 2006, Vol. 1, Issue 34
www.knanayamission.org/chicago/bulletin.htm

# Welcome to Mar Kuriakose Kunnacherry, the First Archbishop of Kottayam.



## ഈശോയുടെ തിരുഹൃദയ തിരുനാൾ മെയ് 25 മുതൽ 28 വരെ.



മാതൃ വാത്സല്യം: മദേഴ് ഡേയുടെ അനുഗ്രഹം വാങ്ങുന്നതോടൊപ്പം തങ്ങളുടെ വരുമാനത്തിൻെറ വിഹിതം ദൈവാലയ നിർമ്മാണത്തിനു സംഭാവന ചെയ്യുന്ന അമ്മമാർ. വിമൻസ് മിനിസ്ട്രി സംഘടിപ്പിച്ച ഈ പ്രോഗ്രാം വഴി 11,791.15 ഡോളർ ലഭിച്ചു.കഴിഞ്ഞ ആഴ്ച നൽകാൻ പറ്റാതിരുന്നവർ ഈ ആഴ്ച നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. സഹകരിച്ച ഏവർക്കും നന്ദി.



Participants of Theology Class lead by Fr. Jose Poothrukayil

## CONTACT INFORMATION

MISSION DIRECTOR
Fr. Abraham Mutholath
5212 W. Agatite Ave
Chicago, IL 60630.
(773) 412-6254 / (773) 286–2556
E-mail: mutholath2000@yahoo.com
www.knanayamission.org/chicago

BULLETIN EDITOR
Mathachen Chemmachel
(708) 557-1907

TRUSTEES
**Chicago**: Saji Poothrukayil
Sunny Thekkeparambil
**Addison**: James Manjankal
Baby Karikkal

SECRETARY & PRO
George Thottappuram

FINANCE
**Chicago**: John Elakkatt
**Addison**: Kurian Nellamattam

RELIGIOUS EDUCATION
**Chicago**: Johny Thekkeparambil
Secretary: Anna Kulangara
**Addison**: Tonny Pullappally
Secretary: Veena Jose Kaniyaly

CHILDREN MINISTRY
**Chicago**: Bino Machanikkal
Saly Kizhakkekuttu
**Addison**: Tesa Thannikari
Ashley Varakalayil

TEENS MINISTRY
**Chicago**: Tito Kandarappally
Lissy Thottapuram
**Addison**: Sabu Mutholam
Justin Kalappurackal

YOUTH MINISTRY
**Chicago**: Mary Alumkal
Tessy Jose Njaravelil
**Addison**: Tessy Kanjirathumkal
Tomy Kunnassery

YOUNG ADULT MINISTRY
Saju Palakunnel, Falix Chemmachel
Sona Keezhangattu

ADULT MINISTRY
Jose Thazhathuvettathu

WOMEN MINISTRY
Mercy Idiyalil, Gracy Vachachira

SENIOR CITIZENS MINISTRY
Joy Choottuvelil, Joy Nediyakalayil

BETTER FAMILY MOVEMENT
Joy Chemmachel

### SATURDAYS

St. Joseph Church School Hall
330 E. Fullerton Ave, Addison, IL 60101

Religious Education
3:45 P.M. to 4:45 P.M.
Holy Mass @ 5:00 P.M.

Youth Seminars on First Saturdays
2:45 P.M. to 4:45 P.M.

### SUNDAYS

Our Lady of Victory (OLV) Church
5212 W. Agatite Ave, Chicago, IL 60630

Religious Education
4:00 P.M. to 5:00 P.M.
Holy Mass @ 5:30 P.M.

Youth Seminars on First Sundays
3:00 P.M. to 5:00 P.M.

### NOVENA TO OUR LADY OF PERPETUAL HELP

Saturdays after Holy Mass at St. Joseph Church, 330 E. Fullerton Ave, Addison.

### NOVENA TO ST. JUDE

Thursdays at 7:00 P.M. with Holy Mass and Benediction at Community Center,
5110 N. Elston Ave, Chicago, IL 60630.

**May 2006**

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | | | |

# Schedule of Events

SATURDAY, MAY 20, 2006
Religious Education Final Examination at Addison from 3:45 P.M.
Holy Mass and Novena at Addison at 5:00 P.M.

SUNDAY, MAY 21, 2006
Religious Education Final Examination at OLV from 4:00 P.M. to 5:00 P.M.
Holy Mass at OLV Church Upper level at 5:30 P.M.

TUESDAY, MAY 23, 2006
Women Ministry Seminar by Rev. Dr. Jose Poothrukayil at Community Center at 6:30 P.M. ***MEET WITH ARCHBISHOP KUNNACHERRY***.

THURSDAY, MAY 25, 2006
SOLEM FEAST OF THE MOST SACRED HEART at 6:30 P.M. at Community Center. Main Celebrants: **His Grace Mar Kuriakose Kunnacherrry, Mar Jacob Angadiath**

FRIDAY, MAY 26, 2006
SOLEM FEAST OF THE MOST SACRED HEART at 6:30 P.M. at OLV Church, Chicago. Holy Mass in Syriac language by **Mar Kuriakose Kunnacherry** and Homily by **Msgr. Dr. Jacob Vellian**

SATURDAY, MAY 27, 2006
No service today at Addison
SOLEM FEAST OF THE MOST SACRED HEART at 5:30 P.M. at Thaft High School Auditorium, Chicago.
Programs: Ladinge, Vespara, Homily, Prasudenty Vazhcha, Kaplon Vazhcha, Variety Entertainments.

SUNDAY, MAY 28, 2006
SOLEM FEAST OF THE MOST SACRED HEART at 3:00 P.M. at Addison Church.
Programs: Adima vackal, Ladinge, Solemn Mass, Homily, Procession, Lelam.
No service today at OLV Chicago.

TUESDAY, MAY 29, 2006
Theology Class by Rev. Dr. Thomas Kottoor at Community Center at 6:30 P.M. ***MEET WITH ARCHBISHOP KUNNACHERRY***.

# MISSION DIRECTOR'S COLUMN

## കുന്നശ്ശേരി പിതാവിനു സ്വാഗതം



നാലു വർഷങ്ങൾക്കു മുമ്പ് ഒർലാണ്ടോയിൽ നടന്ന കെ.സി.സി.എൻ.എ. കൺവൻഷനു ശേഷം ഇതാദ്യമായാണ് നമ്മുടെ അഭിവന്ദ്യ കുന്നശ്ശേരി പിതാവ് അമേരിക്ക സന്ദർശിക്കുന്നത്. അന്ന് അദ്ദേഹം കോട്ടയം രൂപതയുടെ മെത്രാനായിരുന്നെങ്കിൽ പിന്നീട് അദ്ദേഹം മെത്രാപ്പോലിത്തയായി. ആർച്ചു ബിഷപ്പായി സ്ഥാനമേറ്റശേഷം ആദ്യമായി ചിക്കാഗോ സന്ദർശിക്കുന്ന നമ്മുടെ പിതാവിനെ നമുക്കു സ്നേഹത്തോടെ വരവേല്ക്കാം.

കോട്ടയം അതിരൂപതയുടെ മാത്രമല്ല, ക്നാനായ സമുദായത്തിൻെറയും അത്ഭുതകരമായ വളർച്ചക്ക് അഭിവന്ദ്യ കുന്നശ്ശേരി പിതാവിൻെറ ത്യാഗോജ്ജ്വല സേവനം അവസ്മരണീയമാണ്. രൂപതയിൽ നിന്ന് അതിരൂപതയിലേക്കും, കേരളത്തിൽ നിന്നും ലോകമെമ്പാടും വ്യാപിച്ച നമ്മുടെ സമുദായത്തിൻെറ ആധുനിക ശില്പിയാണദ്ദേഹം.

ചിക്കാഗോയിലെ ക്നാനായ മക്കൾക്ക് കുന്നശ്ശേരി പിതാവിനോട് ഏറെ കടപ്പാടുണ്ട്. നമ്മെ സ്നേഹിക്കുന്ന ആ നല്ല ഇടയൻ സീറോ മലബാറുകാർക്ക് അമേരിക്കയിലെ ആദ്യത്തെ മിഷൻ സ്ഥാപിച്ചത് ചിക്കാഗോയിലാണല്ലോ. ഈ മിഷൻെറ വിശുദ്ധിയും വംശുദ്ധിയ്ക്കും പരിപാലിക്കുവാൻ അദ്ദേഹം ഏറെ ത്യാഗം സഹിച്ചു. എപ്പോൾ വന്നാലും നമുടെ കമ്മ്യുണിറ്റി സെൻറർ അരമനയാക്കി നമ്മെ സ്നേഹത്തോടെ ഗോത്ര തലവനെന്ന നിലയിൽ നയിച്ചു പോന്നു.

നമ്മുടെ മിഷൻെറ ആദ്യത്തെ തിരുനാൾ വിശുദ്ധ പത്താം പീയൂസിൻെറ ബഹുമാനാർത്ഥം നാം ആഘോഷിച്ചപ്പോൾ ഏറെ സന്തോഷത്തോടെ കുന്നശ്ശേരി പിതാവ് ഒരു അമൂല്ല്യ സമ്മാനം നമുക്കയച്ചു തന്നു. വിശുദ്ധ പത്താം പിയൂസ് മാർപ്പാപ്പ മാർ മാക്കീൽ മത്തായി മെത്രാനു സമ്മാനിച്ച പട്ടം മൂടി തൊപ്പിയിൽ നിന്ന് ഒരു ഭാഗം മുറിച്ചെടുത്ത് നമുക്ക് തിരുശേഷിപ്പായി തന്നു. അന്നുവരെ ആ തൊപ്പി മുറിക്കപ്പെടാത്തതായിരുന്നു.

ക്നാനായക്കാർക്കു വടക്കേ അമേരിക്കയിൽ വികാരി ജനറാളിൻെറ നേതൃത്വത്തിൽ സ്വന്തമായ സഭാ സംവിധാനം വേണമെന്ന് അങ്ങാടിയാത്തു പിതാവിനോട് മാർ കുന്നശ്ശേരി പിതാവ് പല തവണ ആവശ്യപ്പെടുകയുണ്ടായി. ആ അഭ്യർത്ഥന കഴിഞ്ഞ ഏപ്രിൽ 30-നു സാക്ഷാൽക്കരിക്കപ്പെട്ടപ്പോൾ ഏറെ സന്തോഷിച്ചത് കുന്നശ്ശേരി പിതാവാണ്.

കോട്ടയം അതിരൂപതക്കു വെളിയിൽ നമുക്കു സ്വന്തമായൊരു ഇടവക ദൈവാലയം ഉണ്ടാകുന്നു എന്നറിഞ്ഞപ്പോൾ അതിൻെറ കൂദാശ കർമ്മത്തിൽ പങ്കെടുക്കുവാൻ ഏറ്റം അർഹനായ അദ്ദേഹം താല്പര്യം കാണിക്കുന്നുവെന്നത് സന്തോഷകരമാണ്. തിരുഹൃദയ ഭക്തനും ആ ഭക്തിയുടെ പ്രചാരകനുമായ അദ്ദേഹം തൻെറ പ്രായവും ആരോഗ്യസ്ഥിതിയും പരിഗണിക്കാതെ ഈ തിരുനാളിൽ പൂർണ്ണമായി പങ്കെടുക്കുവാൻ വരുന്നുവെന്നത് മക്കളായ നമുക്ക് ആഹ്ലാദകരമാണ്. അഭിവന്ദ്യ പിതാവിനെ ഏറെ സന്തോഷത്തോടെയും നന്ദിയോടെയും നമുക്കു വരവേല്ക്കാം. ആദ്ദേഹത്തിൻെറ ആരോഗ്യത്തിനായി നമുക്കു പ്രാർത്ഥിക്കാം.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്

## നുറുങ്ങുവെട്ടം

**നന്മ ചെയ്യുന്നവനു മറ്റുള്ളവരിലെ
നന്മ വിലമതിക്കാനാകും.
നന്മചെയ്യാത്തവനാകട്ടെ മറ്റുള്ളവരിലെ
തിന്മക്കായിരിക്കും പ്രാധാന്യം നല്കുക.**



## Weekly Collections

| | |
|---|---|
| May 13th Collection at Addison | 194.00 |
| May 14th Collection at OLV Chicago | 237.94 |
| Mother's Day—Women Ministry at Addison | 3,400.00 |
| Mother's Day—Women Ministry at OLV | 8,391.15 |
| Total Mothers' Day Contribution | 11,791.15 |
| Balance in Church Building Fund | 442,332.97 |
| Thank you for your support. | |

## പാവന സ്മരണയ്ക്ക്



***തോമാ തൊമ്മി***
**മരണം: ജൂൺ 29, 1993**



***മറിയാമ്മ തോമസ്***
**മരണം: മെയ് 20, 1981**

## മഠത്തിൽതാഴെ

**നീണ്ടൂർ**

**– സന്തപ്ത കുടുംബാംഗങ്ങൾ**

# ചിക്കാഗോ ക്നാനായ കാത്തലിക് മിഷനിൽ
# ഈശോയുടെ തിരുഹൃദയ ദർശന തിരുനാൾ മഹോത്സവം

**2006 മെയ് 25, 26, 27, 28 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ**

www.knanayamission.org/feast

- *മാർ കുര്യാക്കോസ് കുന്നശ്ശേരി, മാർ ജേക്കബ് അങ്ങാടിയാത്ത് എന്നിവർ മുഖ്യ കാർമ്മികർ.*
- *സുറിയാനി പാട്ടുകുർബ്ബാന.*
- *നൂറു മുത്തുക്കുടകളും നൂറിലേറെ കൊടികളും സംവഹിച്ചുകൊണ്ടുള്ള വർണ്ണപ്പകിട്ടാർന്ന പ്രദക്ഷിണം.*
- *പ്രൊഫഷണൽ കലാകാരന്മാരുടെ വാദ്യമേളങ്ങൾ.*
- *ക്നാനായ കുടിയേറ്റ ബാലെ പുതിയ രൂപത്തിൽ.*
- *ഹാസ്യ നാടകവും നൃത്തങ്ങളും ഉൾപ്പെടെയുള്ള കലാസന്ധ്യ.*
- *കോട്ടയം തിരുഹൃദയക്കുന്ന് ഇടവകയിൽ നിന്നുള്ള ചിക്കാഗോയിലെ ക്നാനായക്കാർ പ്രസുദേന്തിമാർ.*



*പ്രിയപ്പെട്ടവരേ,*

*കഴിഞ്ഞ വർഷങ്ങളിൽ ചിക്കാഗോ ക്നാനായ മിഷൻ നടത്തിയ തിരുന്നാളുകൾക്കു നിങ്ങൾ നൽകിയ സഹകരണം നന്ദിയോടെ സ്മരിക്കുന്നു. മിഷൻെറ ഈ വർഷത്തെ തിരുന്നാൾ കോട്ടയം അതിരൂപതയുടെ പ്രധാന മദ്ധ്യസ്ഥനായ ഈശോയുടെ തിരുഹൃദയത്തിൻെറ സ്തുതിക്കായി ആഘോഷപൂർവം കൊണ്ടാടുകയാണ്. തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് ദൈവാനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും ക്ഷണിക്കുന്നു.*

*-ടി പള്ളിക്കാര്യത്തിൽ നിന്ന്*
*തിരുഹൃദയക്കുന്ന് ഇടവകയിൽ നിന്നുള്ള ചിക്കാഗോ നിവാസികൾ, കൈക്കാരന്മാർ*
*റവ. ഫാ. ഏബ്രഹാം മുത്തോലത്ത് (മിഷൻ ഡയറക്ടർ)*

## പ്രോഗ്രാം

***മെയ് 25 വ്യാഴം***

***കമ്മ്യൂണിറ്റി സെൻറർ***

(5110 N. Elston Ave, Chicago, IL 60630)

വൈകുന്നേരം

6:30 പതാക ഉയർത്തൽ:
6:45 തിരുസ്വരൂപം വെഞ്ചരിക്കൽ
6:50 ലദീഞ്ഞ്
7:00 പാട്ടുകുർബാന: **ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയാത്ത്**
8:00 പ്രസംഗം: **ആർച്ച്ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി**
8:20 നൊവേന, വിശുദ്ധ കുർബാനയുടെ ആശീർവാദം

***മെയ് 26 വെള്ളി***

***ഓ. എൽ. വി. ചർച്ച് ചിക്കാഗോ***

(5212 W. Agatite Ave, Chicago, IL 60630)

വൈകുന്നേരം

6:30 ലദീഞ്ഞ്
6:40 സുറിയാനി പാട്ടുകുർബാന: **മാർ കുര്യാക്കോസ് കുന്നശ്ശേരി**
7:40 പ്രസംഗം: **മോൺ. ഡോ. ജേക്കബ് വെള്ളിയാൻ**
(വികാരി ജനറാൾ, കോട്ടയം അതിരൂപത)

***മെയ് 27 ശനി***

***താഫ്റ്റ് ഹൈസ്കൂൾ ആഡിറ്റോറിയം***

(6545 W. Hurlbut St Chicago, IL 60631)

വൈകുന്നേരം

5:30 ലദീഞ്ഞ്, വേസ്പര: **റവ. ഫാ. മാർട്ടിൻ വരിക്കാനിക്കൽ**
(Los Angeles, CA)
6:00 പ്രസംഗം: **റവ. ഡോ. ജോസ് പൂതൃക്കയിൽ OSH**
(Principal, St. Pius X College, Rajapuram)

6:20 പ്രസുദേന്തി വാഴ്ചയും കപ്ലോൻ വാഴ്ചയും

7:00 **ദൈവാലയ ഫണ്ട് റൈസിംഗ് പ്രോഗ്രാം:**
സ്വീകരിക്കുന്നത്: **മാർ കുര്യാക്കോസ് കുന്നശ്ശേരി**

## 7:30 കലാസന്ധ്യ

### 1. ക്നാനായ കുടിയേറ്റ ബാലെ

സംഗീത രചനയും സംവിധാനവും:
**റവ. ഫാ. മാർട്ടിൻ വരിക്കാനിക്കൽ**
നൃത്ത സംവിധാനം:
**ആശാ ജോസഫ് & ചിന്നു തോട്ടം**
സംഘാടകർ:
**മേരി തോമസ് ആലുങ്കൽ & റ്റെസ്സാ തണ്ണിക്കരി**

### 2. ഗ്രൂപ്പ് ഡാൻസ്

### 3. ഹാസ്യ നാടകം: “ഹലോ ഡാർലിംഗ്”

അവതരണം: **ചിക്കാഗോ ഐശ്വര്യാ തിയേറ്റേഴ്സ്**
രചനയും സംവിധാനവും: **കുരുവിള ഇടുക്കുതറ**

***മെയ് 28 ഞായർ***

***സെൻറ് ജോസഫ് ചർച്ച്, ആഡിസൺ***

(330 E. Fullerton Ave, Addison, IL 60101)

വൈകുന്നേരം

3:00 മുതൽ കഴുന്ന് എഴുന്നള്ളിക്കൽ, അടിമ വയ്ക്കൽ
4:00 ലദീഞ്ഞ്
4:10 പാട്ടുകുർബാന: **മാർ കുര്യാക്കോസ് കുന്നശ്ശേരി**
പ്രസംഗം: **റവ. ഡോ. തോമസ് കോട്ടൂർ**
(ചാൻസലർ, കോട്ടയം അതിരൂപത)

5:30 **പ്രദക്ഷിണം**

**ചെണ്ടമേളം:** Thunder Drums, Chicago.
**ബാൻഡ്മേളം:** Schiller School Drum Crops.

6:30 കഴുന്ന് എഴുന്നള്ളിക്കൽ, അടിമവയ്ക്കൽ, ലേലം



ജോണി തെക്കേപ്പറമ്പിൽ

# ദൈവാലയം ഒരു ബാദ്ധ്യതയോ?

വർഷങ്ങളുടെ കാത്തിരിപ്പിനു ശേഷം ചിക്കാഗോ ക്നാനായ മിഷൻ സമുദായാംഗങ്ങൾക്കായി ദൈവാലയം സ്വായത്തമാക്കുവാൻ പോകുന്നു. ഒട്ടേറെ പ്രതീക്ഷകൾ നൽകുന്ന ഈ ദൈവാലയം കൂദാശ ചെയ്യപ്പെടുമ്പോൾ കേരളത്തിനു വെളിയിലുണ്ടാകുന്ന പ്രഥമ ക്നാനായ കത്തോലിക്കാ ദൈവാലയം എന്ന ബഹുമതിയും ഈ ദൈവാലയത്തിനു ലഭിക്കുന്നതായിരിക്കും. ഈ സംരംഭത്തിനു നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മുത്തോലച്ചന് എല്ലാ വിധ ദൈവാനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ആരംഭം മുതൽ ഇന്നു വരെ ആദ്ധ്യാത്മികക്ക് പ്രഥമ സ്ഥാനം നൽകിക്കൊണ്ട് പരിശുദ്ധ കത്തോലിക്കാ സഭയോട് വിധേയപ്പെട്ടു കഴിഞ്ഞുപോരുന്ന ജനതയുടെ കൂട്ടമാണ് ക്നാനായ സമുദായം. നൂറ്റാണ്ടുകളായി നിഷ്ഠയോടെ പാലിച്ചു പോരുന്ന ആചാരങ്ങളാണ് മറ്റു ക്രൈസ്തവ സമൂഹങ്ങളിൽ നിന്നും നമ്മെ വേർതിരിക്കുന്ന ഘടകം. ക്രിസ്തീയ വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് വ്യക്തിഗതമായ ഈ ആചാരാനുഷ്ടാനങ്ങളെ പരിപോഷിപ്പിച്ചപ്പോൾ സഭയോടൊപ്പം സമുദായവും വളർന്നു. നമ്മുടെ അസ്തിത്വത്തിന്റെ അടിസ്ഥാനം തന്നെ ഉറച്ച കത്തോലിക്കാ വിശ്വാസമാണ്.

ചിക്കാഗോ അതിരൂപതയിൽ നിന്നാവട്ടെ, മറ്റു ക്രൈസ്തവ സഭകളിൽ നിന്നാവട്ടെ ഇക്കാലത്ത് ഒരു ദേവാലയവും സ്കൂളും മറ്റു അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടുന്ന കാമ്പസ്സ് വെറുതെ ലഭിക്കുകയില്ലായെന്നുള്ളത് വസ്തുതയാണ്. സംശയങ്ങളും ആശങ്കകളും മാറ്റി നാമെല്ലാവരും മനസ്സുവച്ചാൽ ഈ ദൈവാലയം താമസിയാതെ നമുക്കു സ്വന്തമാക്കാം. കഴിഞ്ഞ രണ്ടു വർഷമായി മതബോധന ക്ലാസുകളിലൂടെ നമ്മുടെ കുഞ്ഞുങ്ങൾക്കുണ്ടായ മാറ്റം അനുദിനം നമ്മൾ കണ്ടുകൊണ്ടാണിരിക്കുന്നത്. തിരുനാളുകളും ധ്യാനങ്ങളും ഭക്ത സംഘടനകളുടെ പ്രവർത്തനങ്ങളും വഴി ആദ്ധ്യാത്മികമായി വളർന്നപ്പോൾ സന്തോഷത്തിന്റെയും സമാധാനത്തിന്റെതുമായ അന്തരീക്ഷം നമ്മുടെ സമൂഹത്തിൽ കണ്ടു തുടങ്ങിയിരിക്കുന്നു. അമേരിക്കൻ പള്ളിക്കാരുടെ ഔദാര്യത്തിൽ അവരുടെ സ്കൂളുകളും പള്ളികളും പ്രയോജനപ്പെടുത്തി ഇത്രയുമൊക്കെ നടത്തിയെടുക്കുവാൻ സാധിക്കുന്നെങ്കിൽ നമ്മുടെ സ്വന്തമായ സ്ഥലത്ത് ഇതിലും മെച്ചപ്പെട്ട രീതിയിൽ സുഗമമായി നമ്മുടെ ആദ്ധ്യാത്മിക ആവശ്യങ്ങൾ നടത്തിക്കൊണ്ടു പോകുവാൻ സാധിക്കുകയില്ലേ?

ദൈവാനുഗ്രഹത്താൽ ഈ രാജ്യത്ത് വന്നു ചേരാനും സാമ്പത്തികമായി മെച്ചപ്പെടുവാനും നമുക്കു കഴിഞ്ഞു. ഈ സാമ്പത്തിക സുസ്ഥിതിയിൽ നാം ദൈവത്തെ മറന്നുകൂടാ. ദൈവാലയം സാമ്പത്തിക ബാദ്ധ്യതയായി കണക്കാക്കുന്നവർ ചിലരെങ്കിലും ഇല്ലാതില്ല. ദൈവാലയം വഴി നമുക്കു ലഭിക്കാവുന്ന ആദ്ധ്യാത്മിക സേവനങ്ങൾ പ്രത്യേകിച്ചും നമ്മുടെ വളർന്നു വരുന്ന തലമുറയെ ലക്ഷ്യമിട്ടു നടത്തി വരുന്ന പ്രവർത്തനങ്ങൾ കണക്കിലെടുക്കുമ്പോൾ നമ്മുടെ സമ്പത്തിന്റെ ചെറിയ അംശം ഇക്കാര്യത്തിനായി നൽകുന്നത് ഒരിക്കലും ബാദ്ധ്യതയാകുന്നില്ല. പ്രത്യുത, അങ്ങിനെ ചെയ്യുക വഴി കൂടുതൽ ദൈവാനുഗ്രഹങ്ങൾ നമുക്കു ലഭിക്കുകയും ചെയ്യുന്നു.

നമ്മുടെ പൂർവ്വികർ കുടിയേറിയിടത്തൊക്കെ ഒന്നു മില്ലായ്മയിൽ നിന്നും കുടിലുകളിൽ താമസ്സിച്ചുകൊണ്ട് ആരാധനാലയങ്ങൾ നിർമ്മിച്ചു. അതാണ് നമ്മുടെ സമുദായ പാരമ്പര്യം. അതുവഴി വലിയ ദൈവാനുഗ്രഹങ്ങൾ സമുദായത്തിനുണ്ടായിട്ടുണ്ടെന്നുള്ളത് ചരിത്ര സത്യവുമാണ്. മിഷന്റെ ഘടനയെക്കുറിച്ചോ, അംഗത്വത്തെക്കുറിച്ചോ നാമധികം വേവലാതിപ്പെടേണ്ടതില്ല. അതൊന്നും നമ്മുടെ പിടിയിൽ നിൽക്കുന്ന കാര്യങ്ങളുമല്ല. നമ്മുടെ സഭാ പിതാക്കന്മാർ ഇക്കാര്യങ്ങളെക്കുറിച്ച് നമ്മളേക്കാൾ ബോധവാന്മാരാണ്. അവരുടെ പ്രയത്നം വഴിയും, നമ്മുടെ ആത്മാർത്ഥമായ പ്രാർത്ഥന വഴിയും, നമ്മൾ ആഗ്രഹിക്കുന്ന അനുകൂല സാഹചര്യങ്ങൾ ഉണ്ടാകുമെന്ന് പ്രത്യാശിക്കാം. ബഹുമാനപ്പെട്ട മുത്തോലത്തച്ചന്റെ കരങ്ങൾക്ക് ശക്തി പകർന്നുകൊണ്ട് നമുക്കൊരുമിച്ച് ഈ ദൈവാലയം സ്വായത്തമാക്കാം. എല്ലാവർക്കും നന്മ വരട്ടെയെന്നു പ്രാർത്ഥിക്കുന്നു.

## BISHOP'S CIRCULAR

May 12, 2006

Dear Rev. Fathers, Rev. Sisters and dear Faithful,

This is to invite your attention to a special situation, which we encounter as Christians. As you may know, a special movie on "DaVinci Code" of Dan Brown is going to be released on Friday May 19, 2006. This novel as well as the movie challenges our faith in Jesus Christ and our Catholic Church. Our Church has faced many serious challenge and by the grace of God it survived vigorously. The assurance of our Lord is always a comfort for us: "And so I say to you, you are Peter, and upon this rock I will build my Church, and the gates of the netherworld shall not prevail against it". (Mt. 16:18)

Though we may not be able to block the movie, we can and should pray for the conversion of hearts of those who promote such evils and be willing to do reparation for the blasphemous attack on our Lord and our Church.

So I request all our faithful to observe the Friday, May 19, 2006 88 a day of special prayer and fast. Let us offer special prayers at home, and church. Wherever Holy Hour is done on Fridays, please have a special intention for this cause. Let us glorify the Lord and keep our Church growing in everyway, everyday, and everywhere. May the Lord bless you.

Yours sincerely in the Lord,

Mar Jacob Angadiath<br>Bishop

# “നമുക്ക് എന്താ ക്നാനായ പള്ളി ഇല്ലാത്തത്?”

നാളിതു വരെയുള്ള നമ്മുടെ പരിശ്രമങ്ങളിൽ നമുക്കൊരു ദൈവാലയം നേടിയെടുക്കുവാൻ സാധിച്ചിട്ടില്ല എന്നത് എടുത്തു പറയേണ്ട സത്യാവസ്ഥയാണ്. എവിടെയോ നമുക്ക് അപാകത സംഭവിച്ചിട്ടുണ്ട്. നാം ദൈവത്തിന് പ്രഥമസ്ഥാനം കൊടുക്കാത്ത, ഒന്നാം പ്രമാണ ലംഘനമാണ് പ്രധാന കാരണം. രണ്ടാമതായി നമ്മുടെ ആവശ്യമില്ലായ്മ, അല്ലെങ്കിൽ ആരാൻെറ പള്ളി ഉപയോഗിക്കുന്നതിൽ നമുക്ക് യാതൊരു നാണക്കേടും ഇല്ലാത്ത അവസ്ഥ, നമ്മിലെ അഹങ്കാരം, യോജിപ്പില്ലായ്മ, അലസത. ഇങ്ങനെ നാം എത്ര നാൾ മുൻപോട്ടു പോകും.

**നമ്മുടെ ഇപ്പഴത്തെ തലമുറ ഓരോ ചോദ്യങ്ങൾ മാതാപിതാക്കളോടു ചോദിച്ചു തുടങ്ങിയിരിക്കുന്നു. നമുക്ക് എന്താ ക്നാനായ പള്ളി ഇല്ലാത്തത്? ക്നാനായ കീഴ്വഴക്കം പള്ളികളിൽ പ്രാക്ടീസ് ചെയ്യാത്തതുകൊണ്ടല്ലേ ഞങ്ങൾ മറ്റു സമുദായത്തിൽ നിന്നൊക്കെ ജീവിത പങ്കാളിയെ തിരഞ്ഞെടുക്കണ്ടിവന്നതും വരുന്നതും. മാതാപിതാക്കൾക്ക് എന്ത് ഉത്തരമാണ് കൊടുക്കാനുള്ളത്? ഏതാനും ഭവനങ്ങളിൽ ഇപ്പഴേ ഇതൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്നു. പുറത്തു പറയാൻ നാണക്കേടായതുകൊണ്ട് പലരും വിഴുങ്ങുകയാണ്. തൊണ്ടയിൽ പുഴുത്താൽ വിഴുങ്ങാനല്ലേ കഴിയൂ. വരും തലമുറയോട് നാം ചെയ്യുന്ന ക്രൂരതയാണിതൊക്കെ.**

നാട്ടിൽ നമ്മളുടെ മാതാപിതാക്കൾ ശരിക്കും കഷ്ടപ്പെട്ട് കരിങ്കല്ല് തലയിൽ വച്ച് ചുമന്നും, നിലം കിളച്ച് മണ്ണ് കുഴച്ചുമൊക്കെയാണ് പഴയ കാലങ്ങളിൽ നമ്മുടെ രൂപതയിലെ പല പള്ളികളും നിർമ്മിച്ചത്. അതിൻെറയെല്ലാം ഫലം അനുഭവിക്കുന്നതോ നമ്മളും. അവരൊണ്ടാക്കിയതൊക്കെ നമുക്കു തന്നിട്ടാണു മൺമറഞ്ഞു പോയതും. നമ്മുടെ മക്കൾക്ക് നമുക്കു എന്താണ് കൊടുക്കുവാനുള്ളത്?. ചിന്തിക്കേണ്ടിയിരിക്കുന്നു.

ആദ്യം മാതാപിതാക്കൾ മക്കൾക്ക് ദൈവത്തെ കൊടുക്കണം. എന്നിട്ടു മതി മറ്റെന്തും കൊടുക്കൽ. അപ്പോൾ നമ്മുടെ മക്കൾ ദൈവത്തിനും നമുക്കും നമ്മുടെ കുടുംബത്തിനും നമ്മുടെ സമൂഹത്തിനും വേണ്ടപ്പെട്ടവരാകും. അതു വേണ്ടസമയത്തു ചെയ്യണം. കതിരിന്മേൽ വളം വച്ചിട്ട് പ്രയോജനമില്ലല്ലോ.

ഇപ്പോൾ നമുക്ക് നമ്മുടെ സഭാ പിതാക്കന്മാർ അനുവദിച്ചു തന്ന പുരോഹിതനുണ്ട്. ഇതിനു മുൻപും നമുക്കു പുരോഹിതരുണ്ടയിരുന്നു. പക്ഷേ സാഹചര്യക്കുറവു കൊണ്ടോ, നമ്മുടെ ഐക്യമില്ലായ്മ, അലസത, അഹങ്കാരം, അസ്സുയ എന്നിവ കൊണ്ടോ നാളിതുവരെ നമുക്കൊന്നും സാധിച്ചില്ല. പള്ളി വാങ്ങി തരുവാൻ ബഹു. മുത്തോലത്തച്ചൻ നമുക്കു വേണ്ടി ആഹോരാത്രം കഷ്ടപ്പെടുന്നുണ്ട്. ഇത്ര ഉത്സാഹമുള്ള, ചുറുചുറുക്കുള്ള, ജോലി ചെയ്യാൻ മടിയില്ലാത്ത, ആശയ വിനിമയം നടത്തുവാൻ സാമർത്ഥ്യമുള്ള, വൈദികൻ നമുക്കുള്ളപ്പോൾ നാമെന്തിനു മാറി നില്ക്കുന്നു. ആ വൈദികനോടു ചേർന്നു നിന്ന് നമ്മാൽ കഴിയാവുന്ന സഹായങ്ങൾ ചെയ്തു കൊടുത്ത് അതിനു വേണ്ട പണം മുടക്കി, സമയം ചിലവഴിച്ച്, ഓടി നടന്ന് വെട്ടിപ്പിടിക്കേണ്ടതൊക്കെ കൈക്കലാക്കുകയല്ലെ വേണ്ടത്. ഇനി ഒരിക്കൽ നമുക്കിതിന് കഴിഞ്ഞെന്നു വരികയില്ല.



മേരിക്കുട്ടി ചെമ്മാച്ചേൽ

ഇപ്പോൾ നാം വാങ്ങുവാനുദ്ദേശിക്കുന്ന ദൈവാലയം നമുക്ക് അത്യാവശ്യമാണ് എന്ന് മനസ്സിലാക്കി വേണ്ടത്, വേണ്ട സമയത്ത് പ്രവർത്തിക്കുക. പ്രവർത്തിക്കാതെ ഒന്നും നേടാനാവില്ല. അതുകൊണ്ട് നമ്മുടെ സമൂഹം ഒറ്റക്കെട്ടായി നിന്നുകൊണ്ട് വിശ്വാസത്തോടെ, ദൈവത്തിലാശ്രയിച്ച്, അവനവനാൽ കഴിയും വിധം സ്വന്തം ശക്തിക്കും യുക്തിക്കും ചേർന്ന വിധം പണം കൊണ്ടും മനസ്സു കൊണ്ടും പ്രാർത്ഥന കൊണ്ടും വേണ്ട എല്ലാ സഹായ സഹകരണങ്ങളും നല്കി നമ്മുടെ ഈ വൻകാര്യം സാധിച്ചെടുക്കണം.

ദൈവത്തിന് അസാധ്യമായതൊന്നുമില്ല. ഈ ലോകം മുഴുവൻ നേടിയാലും നമ്മുടെ ആത്മാവു നശിച്ചാൽ നമുക്കെന്താണു ഫലം? മരിക്കുമ്പോൾ നാം ഒന്നും കൊണ്ടുപോകുന്നില്ലല്ലോ. അതിനാൽ ആത്മാവിനു യോജ്യമായ ദിവ്യബലി അർപ്പിക്കുവാനുള്ള ദൈവാലയം കരസ്ഥമാക്കുവാൻ എല്ലാവരും സഹകരിക്കണം. ഇത് നമ്മുടേയും നമ്മുടെ കുട്ടികളുടേയും വലിയൊരു മുതൽക്കൂട്ടാണ്.

ആത്മരക്ഷക്ക് അനുയോജ്യമായ ബലികൾ അർപ്പിക്കുന്ന നമ്മുടെ കർത്താവിൻെറ ജനനവും മരണവും ഉയിർപ്പും പ്രഘോഷിക്കപ്പെടുന്ന, ജീവനുള്ള ദൈവത്തെ മുഖാമുഖം കാണുവാൻ ഈ ദൈവാലയം നമുക്ക് അനുഭവ വേദിയായിത്തീരട്ടെ. അതിനായി പ്രാർത്ഥിക്കാം, പ്രവർത്തിക്കാം, പണംകൊണ്ട് സഹായിക്കാം. ആത്മീയതയിൽ അടിയുറച്ച നമ്മുടെ മഹത്തായ സംസ്ക്കാര പാരമ്പര്യങ്ങൾ നിലനിർത്തിക്കൊണ്ട് മുന്നേറുവാൻ, സഭാപിതാക്കന്മാരുടെ ആഗ്രഹങ്ങൾ പൂവണിയുവാൻ, ലോകത്തിലെ വൻ ശക്തികളിലൊന്നായ അമേരിക്കയിലെ ഷിക്കാഗോയിൽ നമുക്കൊരു പ്രഥമ ദൈവാലയം സംജാതമാകട്ടെ. അങ്ങനെ ഇവിടെയുള്ള ക്നാനായ മക്കൾ ദൈവസന്നിധിയിൽ ഉയർന്ന് ആത്മീയതയിൽ വളർന്ന് ദൈവ സന്നിധിയിൽ നമുക്കും നമ്മുടെ ഭാവി തലമുറക്കും നന്ദിയുള്ളവരാകാം.

## READERS / LECTORS ഉയർപ്പു കാലം

| MAY 20 & 21 | PASSAGE | ADDISION | OLV CHICAGO |
|---|---|---|---|
| 1st Reading | Acts 10:25-26,34,35,44-48 | Annmarie Mutholam | Liza Kizhakkekuttu |
| 2nd Reading | 1 John 4:7-10 | Meril Idiyalil | Grant Eric |



*മദേഴ്സ് ഡേയ്ക്ക് ആഡിസണിൽ അമ്മമാർ ദൈവാല നിർമ്മാണ ഫണ്ടിലേക്ക് സംഭാവന നല്കി അനുഗ്രഹം പ്രാപിച്ചപ്പോൾ.*



## ദൈവാലയം ഉടൻ സ്വന്തമാകും

നാം ദൈവാലയം വാങ്ങുവാനുദ്ദേശിക്കുന്ന സഭയുമായുണ്ടാക്കിയ ധാരണയനുസരിച്ച് ജൂലൈ ഒന്നു മുതൽ നമുക്കു ദൈവാലയം സ്വന്തമാകും. ജൂലൈ 15 ന് നാലുമണിക്ക് ദൈവാലയ കൂദാശ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. ജൂൺ 15ന് മുഴുവൻ തുകയുമടച്ച് കെട്ടിടം വാങ്ങേണ്ടതിനാൽ എല്ലാവരും പരമാവധി പണം എത്രയും വേഗം നല്കി സഹകരിക്കുമല്ലോ.

എന്ന് മിഷൻ ഡയറക്ടർ
ഫാ. ഏബ്രഹാം മുത്തോലത്ത്



## വിമൻസ് മിനിസ്ട്രി സെമിനാർ മാർ കുന്നശ്ശേരിയുമായി അഭിമുഖം

വിമൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ വനിതകൾക്കായി നടത്തപ്പെടുന്ന സെമിനാറിൽ മാർ കുര്യാക്കോസ് കുന്നശ്ശേരിയുമായി അഭിമുഖം ഉണ്ടായിരിക്കും. റവ. ഡോ. ജോസ് പൂത്തൃക്കയിൽ സെമിനാറിനു നേതൃത്വം നൽകും. മെയ് 23 ചൊവ്വാഴ്ച വൈകുന്നേരം 6:30 നാണ് സെമിനാർ ആരംഭിക്കുന്നത്.


Please support our advertisers who make this bulletin available for us. Limited space is available for Classified Advertisements.

**RN Review**

Comprehensive Review
Free make-up classes
Individualized Coaching
Full Length Practice Tests
Convenient location

**ExcelRn**
1460 Renaissance
Ste # 208
Park Ridge IL 60068
Call : (630) 742 7202

**www.excelrn.com**

**Your Advt. Here**

Century 21
Castles By King, Ltd.
7516 Cass Ave. (Brookhaven Plaza)
Darien, Illinois 60561
Business (630) 964-6400
Fax (630) 964-6459
Cell (630) 430-1730
Lukose (Luke) K. Kalladanthyil
Broker
*Each Office is Independently Owned and Operated*







**Jaibu Mathew, E.A.**
ENROLLED TO PRACTICE BEFORE IRS

JAIBU MATHEW KULANGARA
7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com
* Free Electronic Filing * Refund in 24 Hours *

Professional with 11 years experience in catering.

YOU INVITE THE GUESTS, WE DO THE REST
**Malabar**
Catering &Carry-out
Call
WILLIAM GEORGE
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

CITYWIDE JMW REALTY INC.
4313 W. Irwing Park, Chicago, IL 60641
ALEX MULLAPPALLIL
REALTOR CONSULTANT
Tel: 773-286-6200 * Cell: 847-2089516
Res: 847-679-9431 * Fax: 773-286-9516
Specializing in: Gas Stations, Investments, Commercial, & Residential.
Illinois Residential Mortgage Licensee







COLDWELL BANKER
**MARTIN & MARBRY**
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: Zachariah Chacko (Zach)
(A Friendly Realtor)
Find out how much your dream home is worth today?
4632 W. Church St., Skokie, IL 60076
(847) 677-1200 (Business)
(847) 551-7386 (Pager)
(847) 374-5031 (Voice Mail)
EQUALHOUSINGLENDER

**LINCOLNWOOD MORTGAGE SERVICES, INC.**
4039 W. Main St., Skokie, IL 60076
Phone: 847-674-1600
Fax: 847-674-1608
*For all your Mortgage Services*
Please contact: Benny Kuriakose (Kanjiraparayil)
Phone: 847.583.1245, Pager: 773.258.1301.
PURCHASE, REFINANCES, FIXED, ADJUSTABLE
We offer fast approvals






